**AL KHOZAMA INTERNATIONAL SCHOOL, DAMMAM, K.S.A**

**Affiliated to CBSE – New Delhi, Affiliation No. 5730019**

**WORKSHEET - 1**

**TERM 3 EXAMINATION (2022-23)**

**GRADE: 7** **SUBJECT: Malayalam**

---

**I. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുത്തരമെഴുതുക**

മനുഷ്യർക്ക് ജന്മസിദ്ധമാണ് കഥ കേൾക്കാനുള്ള താൽപര്യം. മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രപഞ്ചവും തമ്മിലും ഉള്ള ബന്ധമാണല്ലോ കഥകളിൽ പ്രതിഫലിക്കുന്നത്. അതിനാൽ മനുഷ്യനെ സന്തോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനും ആവേശം കൊള്ളിക്കാനും പുതിയ ജീവിത വഴിത്താര തുറന്നു കൊടുക്കാനും കഥകൾക്കു കഴിയുന്നുണ്ട്. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന ആസ്വാദന മനോഭാവവും ജീവിത ബോധവും, ഉൽക്കർഷേച്ഛയും ഉത്തമമായ കഥാശ്രവണം കൊണ്ട് സമ്പുഷ്ടമാകുന്നു. കുട്ടികൾ കഥാശ്രവണ കുതുകികളാണ്. മനുഷ്യ ജീവിതത്തെക്കുറിച്ചും ലോക സംഭവങ്ങളെക്കുറിച്ചും കൂടുതൽ അറിയാനുള്ള അഭിവാഞ്ഛയാണ് ഇതിനു കാരണം. ഈ താൽപര്യം കൂടുതൽ പ്രയോജനകരമായ ചാനലുകളിലേക്ക് തുറന്നു വിടുക കഥകളുടെ ലക്ഷ്യമാകുന്നു. താരാട്ടു പാട്ടുകളോടൊപ്പം മുത്തശ്ശിക്കഥകളും ബാലമനസ്സിൽ നിറംപിടിച്ചു നിൽക്കുക സ്വാഭാവികമാകുന്നു. അമ്മൂമ്മക്കഥകളുടെ സ്വാരസ്യം കുട്ടികളുടെ ഹൃദയത്തിൽ നിന്ന് ഒരിക്കലും വിട്ടു പോകുകയില്ല. കഥ രസകരമാണെങ്കിൽ അത് കേൾക്കുന്ന കുട്ടികൾക്ക് ഒരിക്കലും ഉദാസീന മനോഭാവം ഉണ്ടാകില്ല. കഥകൾക്ക് വിദ്യാഭ്യാസത്തിൽ ഉന്നതമായ സ്ഥാനമാണുള്ളത്.

**ചോദ്യങ്ങൾ**

a) കഥകളിൽ മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുന്നതിലൂടെ സാധിക്കുന്നതെന്ത്?

b) ഉത്തമമായ കഥാശ്രവണം കൊണ്ടുള്ള ഗുണമെന്ത്?

c) വിദ്യാഭ്യാസത്തിൽ കഥകൾ കൊണ്ട് ലക്ഷ്യമിടുന്നത് എന്താണ്?

d) അമ്മൂമ്മക്കഥകൾ കുട്ടികൾക്ക് ആവശ്യമാണെന്ന് പറയുന്നതെന്തുകൊണ്ട്?

e) ഈ ഖണ്ഡികക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

II. **നദീജല സംരക്ഷണം എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.**

II.നിങ്ങളുടെ പ്രദേശത്ത് അസമയത്ത് പതിവാകുന്ന വൈദ്യുതി മുടക്കത്തിന് ഉടൻ പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കെ എസ് ഇ ബി ഓഫീസർക്ക് ഒരു കത്ത് തയ്യാറാക്കുക.

III. പൂക്കാരി എന്ന കവിതയിലെ ആദ്യത്തെ എട്ടു വരികൾ എഴുതുക

# AL KHOZAMA INTERNATIONAL SCHOOL, DAMMAM, K.S.A

**Affiliated to CBSE – New Delhi, Affiliation No. 5730019**

**WORKSHEET - 2**

**TERM 3 EXAMINATION (2022-23)**

**GRADE: 7** **SUBJECT: Malayalam**

---

## I. അർഥം എഴുതുക

a. വീക്ഷണം
b. ധന്യ
c. മാലിക
d. വീരം
e. പിൻബലം
f. സഹജം
g. ജിജ്ഞാസ
h. തെന്നൽ

## II.വിപരീത പദങ്ങൾ എഴുതുക.

a. ഐക്യം
b. അബദ്ധം
c. അഭേദ്യം
d. നന്മ
e. ഉത്തമം

## III. വാക്യത്തിലെ തെറ്റു തിരുത്തുക

a) കീർത്തി കേട്ട നള രാജാവ് പ്രശസ്തനുമാണ്.

b) അയാൾ ആഹാരമൊന്നും കഴിക്കാതെ ഒരു ദിവസം മുഴുവൻ നിരാഹാരമിരുന്നു

c) അവർ തമ്മിൽ തമ്മിൽ കണ്ടാൽ പരസ്പരം പറയാത്ത കാര്യങ്ങളില്ല.

IV. പിരിച്ചെഴുതി സന്ധി നിർണയിക്കുക

a. ഭാഗമായ

b. പച്ചപ്പുൽക്കൊടി

c. ഇവയൊക്കെ

d. മറ്റെന്തു

f. ഏതെന്നു

V.പര്യായ പദങ്ങൾ എഴുതുക

a. ആരാമം

b. പീയൂഷം

c. മുഖം

d.ശാരിക

VI. പ്രയോഗം മാറ്റുക

a) തിരുവിതാം കൂർ രാജാവ് സ്വദേശാഭിമാനിയെ നാടുകത്തി

b) ചേച്ചി പരീക്ഷ ഫലം ഉണ്ടോയെന്ന് അന്വേഷിച്ചു.

VII. **അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക**

a) മതപരമായ കാര്യങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ് മിഷനറിമാർ പത്രം തുടങ്ങിയത്.

b) നിളാ തീരത്ത് സ്ഥിതി ചെയ്യുന്ന കലാകേന്ദ്രമാണ് കേരളകലാമണ്ഡലം

VIII. ഉത്തരമെഴുതുക

a.ദീർഘ ദർശിയില്ലാത്ത ഭരണാധികാരിയെക്കാൾ മഹത്വമുള്ളതു ആർക്കാണ്?

b. പത്ര പാരായണത്തിന്റെ പ്രയോജനം എന്ത്?

c. എന്തിനെയാണ് ആറാമത്തിന്റെ രോമാഞ്ചം എന്ന് പറയുന്നത്?

d. നിളാതീരം പാർപ്പിടകേന്ദ്രമാക്കിയ സാഹിത്യകാരന്മാർ ആരെല്ലാം ?

e. മാമാങ്കത്തെ കുറിച്ച് ഒരു കുറിപ്പ് എഴുതുക?

************************************